## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2259

11.06.2018 — ൽ മറുപടിക്ക്

## ഇഷ്ടമുള്ള റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | റേഷൻകാർഡ് ഉടമകൾക്ക് ഇഷ്ടമുള്ള റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേരാണ് ഈ സംവിധാനത്തിലൂടെ റേഷൻകടമാറിയത്; | (എ) | ഉണ്ട്. 2018 മെയ് മാസത്തിൽ നാളിതുവരെ 70035 പേർ പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് മറ്റ് കടകളിൽ നിന്ന് റേഷൻ വാങ്ങിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ 35647 പേരും മാർച്ചിൽ 6614 പേരും ഈ സൗകര്യം ഉപയോഗിച്ചിരുന്നു. |
| (ബി) | കാർഡുടമകൾക്കുള്ള ഈ സൗകര്യത്തെ കുറിച്ച് ഭക്ഷ്യവകുപ്പ് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; അറിയിക്കുമോ; | (ബി) | പ്രത്യേകം പരസ്യം നൽകിയിട്ടില്ലെങ്കിലും പത്രസമ്മേളനങ്ങളിലൂടെയും വാർത്തകളിലൂടെയും ജനങ്ങളെ അറിയിച്ചിട്ടുണ്ട്. |
| (സി) | റേഷൻ വ്യാപാരികളുടെ ഭാഗത്ത് നിന്നും കടമാറ്റം സംബന്ധിച്ച് എന്തെങ്കിലും എതിർപ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള പൊതുവിതരണ സമ്പ്രദായത്തിലെ ഒരു പ്രഖ്യാപിത നയമാണ് പോർട്ടബിലിറ്റി സൗകര്യം. ടി നിയമം നടപ്പിലാക്കിയതിലൂടെ ഇത് നിലവിൽ വന്നുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ